ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

88 [1806] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ 31-5-2000-ൽ 500 ദിവസം പൂർത്തീകരിച്ച എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ കൈക്കൊണ്ട തീരുമാനം നടപ്പിലായിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഘട്ടം വരെയായി ;

(സി) ജില്ല തിരിച്ചുള്ള ലിസ്റ്റ് തയാറായിട്ടുണ്ടോ ; ഇതിൽനിന്നും എത്രപേരെ നിയമിച്ചു എന്നും ബാക്കിയുള്ളവരുടെ നിയമനം എന്നത്തേക്ക് നടക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ)—(സി) ഈ വിഷയത്തിൽ സർക്കാർ ഇതുവരെ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. ജില്ല തിരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് തയാറാക്കിയിട്ടില്ല.

കേരള ഫോറസ്ട്രി പ്രോജക്ട്

89 [1807] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, എ. കെ. ബാലൻ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകളേയും അഴിമതികളേയുംകുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കേരള ഫോറസ്ട്രി പ്രോജക്ടിനു വേണ്ടി അനുവദിച്ച തുക ദുരുപയോഗം ചെയ്തതിന്റെ പേരിലും തോട്ടം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ചും സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എച്ച്) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥൻമാരെ തിരിച്ചെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) ഫോറസ്ട്രി പ്രോജക്ടിന്റെ പ്രവർത്തനത്തിൽ നടന്ന ക്രമക്കേടുകളേയും അഴിമതികളെയും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാവുമോ?

ഉത്തരം

(എ) കേരളത്തിലെ വനമേഖലയുടെ സമഗ്രമായ വികസനവും സംരക്ഷണവും ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയാണ് കേരള ഫോറസ്ട്രി പ്രോജക്ട്. വനമേഖലയുടെ ഭരണനിർവ്വഹണത്തിനാവശ്യമായ നയപരിഷ്ക്കരണം, സ്ഥാപന വികസനം, മാനവശേഷി വികസനം, വനപരിപാലനത്തിന്റെ ഭാഗമായി സ്വാഭാവികവനം അഭിവൃദ്ധിപ്പെടുത്തൽ, ഈറ, മുള, ചുരൽ എന്നിവയുടെ പുനരുദ്ധാരണം, പ്രക്ഷീണ വനങ്ങളിലെ പുനരധിവാസം, പങ്കാളിത്ത വനപരിപാലനം, തോട്ടങ്ങളുടെ നിർമ്മാണം, നടീൽ വസ്തുക്കളുടെ മെച്ചപ്പെടുത്തലും പ്രയുക്ത ഗവേഷണവും, വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീ സംരക്ഷണം എന്നിവയാണ് കേരള ഫോറസ്ട്രി പ്രോജക്ടിന്റെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതി 31-12-2003-ൽ അവസാനിച്ചു.

(ബി) ഉണ്ട്.

(സി) അഗ്രിക്കൾച്ചറൽ ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം നടത്തിയ പഠനത്തിൽ കേരള ഫോറസ്ട്രി പ്രോജക്ടിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതുകൊണ്ട് ടി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുകയും കേരള വനം വകുപ്പിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് വേണ്ട വ്യത്യസ്ഥവും ശക്തവുമായ അടിത്തറ ഉണ്ടാവുകയും ചെയ്തുവെന്ന് വെളിപ്പെട്ടിട്ടുണ്ട്.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്) & (ജി) ഉണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു:

(1) കൊള്ളമല എ. എൻ. ആർ. ഏരിയയിൽ കേരളാ ഫോറസ്ട്രി പോജക്ട് സ്കീമിൽ നടത്തിയ ജോലികളിൽ നടന്ന ക്രമക്കേടുകൾക്ക് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റെയിഞ്ചാഫീസർ, ഫോറസ്റ്റർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചു. തുടർന്ന് മൂന്നുപേർക്കും കുറ്റപത്രം നൽകുകയും ഔദ്യോഗിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൻമേൽ നടപടികൾ എടുത്തുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) കോട്ടയം, കോതമംഗലം വനം ഡിവിഷനുകളിൽ കേരളാ ഫോറസ്ട്രി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ തോട്ടം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയുടെ വെളിച്ചത്തിൽ വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തുകയും കുറ്റക്കാരായ 3 ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ, 4 റെയിഞ്ചോഫീസർമാർ, 4 ഫോറസ്റ്റർമാർ, 5 ഫോറസ്റ്റ് ഗാർഡുമാർ എന്നിവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാരെയും രണ്ട് ഫോറസ്റ്റർമാരെയും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ ഉദ്യോഗസ്ഥർക്കും അച്ചടക്ക നടപടിയുടെ ഭാഗമായ കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. തുടർന്ന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്നത്തെ ഹൈറെയിഞ്ച് സർക്കിൾ കൺസർവേറ്റർ ഉൾപ്പെടെ 14 വനംവകുപ്പ് ഉദ്യോസ്ഥർക്കെതിരെ കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി അനുവദിച്ച തുക ദുരുപയോഗം ചെയ്തെന്ന് കാണിച്ച് വി.സി.8/00/ ഐ.ഡി.കെ. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(3) തൊടുപുഴ റെയിഞ്ചിലെ വനവൽക്കരണ ജോലിയിലെ അഴിമതിയുടെ ഭാഗമായി ഒരു റെയിഞ്ചോഫീസറെ 1-3-2004-ൽ സർവ്വീസിനിന്നും സസ്പെന്റ് ചെയ്യുകയും 15-9-2004-ൽ സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അച്ചടക്കനടപടി തുടരുന്നു. ഈ കേസ്സിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും കുറ്റപത്രം നൽകിയിട്ടുണ്ട്. നടപടികൾ തുടർന്നുവരുന്നു.

(4) ആതിരപ്പള്ളി റെയിഞ്ചിൽ ഏഴാറ്റുമുഖം ബീറ്റിലെ താന്നിച്ചാൽ നേഴ്സറി പരിശോധനയിൽ വന്ന വീഴ്ചകളുമായി ബന്ധപ്പെട്ട് ഒരു ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(5) വാളയാർ റെയിഞ്ചിലെ മലമ്പുഴ സെക്ഷനിലെ ആർ. ഡി. എഫ്.1 കാവമ്പീറ്റിലെ ജോലികൾ പരിശോധിക്കുന്നതിലും വിലയിരുത്തുന്നതിനും വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ അന്നത്തെ പാലക്കാട് ഡി. എഫ്. ഒ., റെയിഞ്ചോഫീസർ എന്നിവർക്കെതിരെ നടപടി എടുക്കുന്ന കാര്യം പരിശോധനയിലാണ്.

(എച്ച്) തിരിച്ചെടുത്തിട്ടുണ്ട്. രണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, ഒരു റെയിഞ്ചോഫീസർ, രണ്ട് ഫോറസ്റ്റർമാർ എന്നിവരെയാണ് സർവ്വീസിൽ തിരിച്ചെടുത്തത്. ഇവർക്കെതിരെ അച്ചടക്ക നടപടികൾ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇതിനകം ശ്രദ്ധയിൽപ്പെട്ട ക്രക്കേടുകളും അഴിമതികളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. കൂടുതൽ ക്രമക്കേടുകളും അഴിമതികളും ശ്രദ്ധയിൽപ്പെടുന്ന പക്ഷം അന്വേഷണം നടത്തുന്നതാണ്.

പ്രകൃതി പഠനകേന്ദ്രങ്ങൾ

90 [T.1808] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വനം വകുപ്പിന്റെ കീഴിൽ എത്ര പ്രകൃതി പഠനകേന്ദ്രങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രകൃതി പഠനകേന്ദ്രങ്ങൾ എന്തെല്ലാം വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലുള്ള പ്രകൃതി പഠനകേന്ദ്രങ്ങളുടെ പേരും മറ്റ് വിവരങ്ങളും വിശദീകരിക്കാമോ ;

(ഡി) കണ്ണൂർ ജില്ലയിലെ പൊയിലൂരുള്ള പി. ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വനം വകുപ്പിന്റെ കീഴിൽ കാലടി കേന്ദ്രമാക്കി ഒന്നും കണ്ണൂരിലെ പൊയിലൂർ കേന്ദ്രമാക്കി മറ്റൊരു പ്രകൃതി പഠനകേന്ദ്രവുമാണുള്ളത്. ഇതുകൂടാതെ തൃശ്ശൂരിൽ ഒരു വനവിജ്ഞാന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ 14 വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളോടനുബന്ധിച്ച് ഓരോ പ്രകൃതി വിജ്ഞാനകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) വനം വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് പ്രകൃതി പഠനക്യാമ്പുകൾ, ശിൽപശാലകൾ, സെമിനാറുകൾ, ഫിലിം പ്രദർശനങ്ങൾ എന്നീ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ വിദ്യാർത്ഥികൾക്കുവേണ്ടി പഠനയാത്രയും സംഘടിപ്പിക്കുന്നുണ്ട്.

(സി) വനം വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ മുൻ മന്ത്രി പി. ആർ. കുറുപ്പിന്റെ സ്മാരകമായി ഒരു പ്രകൃതിപഠന കേന്ദ്രം (പൊയിലൂർ കേന്ദ്രമാക്കി) പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ പൊയിലൂരുള്ള പി. ആർ. കുറുപ്പ് പ്രകൃതി പഠന കേന്ദ്രത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(ഇ) വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും വിജ്ഞാനപ്രദമാകും വിധത്തിൽ വനം വന്യജീവികളെയും വനവിഭവങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള ക്യാമ്പുകൾ, സെമിനാറുകൾ, ശിൽപശാലകൾ, പഠനയാത്രകൾ എന്നീ പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly